# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.07.2026**

### പ്രധാനവാർത്തകൾ

1) ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാനപാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലാൻഡിലെ ഓക് ലൻഡിലെത്തും.

2) വയനാട്, മണ്ണിടിച്ചിലിൽ കാണാതായ ഒരാളുടെ മൃതദേഹം കൂടി കണ്ടെടുത്തതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി; പ്രദേശത്ത് ഇനിയും മണ്ണിടിച്ചിലിന് സാധ്യതയുണ്ടോ എന്ന് പരിശോധിച്ച് വരുന്നതായി മന്ത്രി എ. പി. അനിൽകുമാർ.

3) ലഹരി വ്യാപനം തടയുന്നതിനുള്ള ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡിജിപിമാരുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

4) എറണാകുളത്ത് സ്വകാര്യ കമ്പനിയിലെ കൂട്ട പിരിച്ചുവിടലുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ കാക്കനാട് യോഗം ആരംഭിച്ചു.

5) സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

PNU TVPM

6) ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടറിൽ ഇന്ന് സ്പെയിൻ - ബെൽജിയം പോരാട്ടം.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി - ന്യൂസിലാൻഡ്

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാനപാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലാൻഡിലെ ഓക് ലൻഡിലെത്തും. ന്യൂസിലാൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി ശ്രീ മോദി ചർച്ച നടത്തും. കൂടാതെ, ബിസിനസ്സ്, കായിക മേഖലകളിലെ പ്രമുഖരുമായും പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തും. ന്യൂസിലാൻഡിലെ ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. ഓസ്ട്രേലിയ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ന്യൂസിലാൻഡിൽ എത്തുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## കള്ളാടി മണ്ണിടിച്ചിൽ

വയനാട്, കള്ളാടിയിൽ മണ്ണിടിച്ചിലിൽ കാണാതായവരിൽ ഒരാളുടെ മൃതദേഹം കൂടി ഇന്ന് കണ്ടെടുത്തു. മീനാക്ഷി പാലത്തിൽ നിന്നും 200 മീറ്ററിലധികം താഴെ പുഴയിൽ നിന്നാണ് കണ്ടെടുത്തത്. വൈത്തിരി താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ടുപോയ മൃതദേഹം ആരുടേതാണ് എന്നതിൽ സ്ഥിരീകരണമായിട്ടില്ല. ഇതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. അവശേഷിക്കുന്ന ഒരാൾക്കായുള്ള തിരച്ചിൽ തുടരുകയാണ്. ട്രാൻസ്ഫോർമെർ പരിസരത്തുൾപ്പെടെ തിരച്ചിൽ നടക്കുകയാണെന്ന് മന്ത്രി ടി സിദിഖ് പറഞ്ഞു . തെരച്ചിൽ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രാദേശിക സംഘത്തെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## എ. പി. അനിൽകുമാർ (ഇൻട്രോ )

വയനാട് കള്ളാടിയിൽ മണ്ണിടിച്ചിൽ അപകട ഭീഷണിയുള്ള വിടുകളിൽ താമസിക്കുന്നവരെ അവർ ആഗ്രഹിക്കുന്ന രീതിയിൽ

വാടക വീട്ടിലേക്ക് മാറ്റുന്നതിനുള്ള സൗകര്യം സർക്കാർ ഒരുക്കുമെന്ന് റവന്യൂ മന്ത്രി എ. പി. അനിൽകുമാർ. മണ്ണിടിഞ്ഞു വീണിട്ടുള്ള വീടുകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ അടക്കമുള്ള രേഖകൾ കണ്ടെത്തുന്നതിന് റെസ്ക്യൂ സംഘത്തോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി . പ്രദേശത്ത് ഇനിയും മണ്ണിടിച്ചിലിന് സാധ്യതയുണ്ടോ എന്നതടക്കമുള്ള കാര്യങ്ങൾ ജിയോളജി ഉദ്യോഗസ്ഥർ നിരന്തരം പരിശോധിച്ച് വരുന്നതായും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു . (വോയിസ് )

☸☸☸☸☸☸☸☸☸☸☸☸☸

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ഡി.ജി.പിമാരുടെ യോഗം ആരംഭിച്ചു. തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് നടക്കുന്ന യോഗത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പിമാർ ഉൾപ്പെടെ പങ്കെടുക്കുന്നുണ്ട് . അയൽസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് ഒഴുകുന്ന ലഹരിമരുന്നിന്റെ ഉറവിടങ്ങൾ കണ്ടെത്തി തകർക്കുക എന്ന ലക്ഷ്യത്തോടെയാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ അടിയന്തര സംയുക്ത യോഗം വിളിച്ചു ചേർത്തത്. ലഹരി കടത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെയും ഇടപാടുകളെയും കൃത്യമായി മാപ്പ് ചെയ്യാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തിയുള്ള ഈ പ്രതിരോധ ശൃംഖലയിലൂടെ കേരളാ പൊലീസിന് സാധിക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## പാലക്കാട് (ഇൻട്രോ)

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് രെജിസ്ട്രേഷന് സംസ്ഥാനത്ത് തുടക്കമായി. നെല്ല് പച്ചക്കറി തുടങ്ങി 27 വിളകൾക്കാണ് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുക.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

RAJU TVPM

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## കോറോ ഹെൽത്ത്

കോറോ ഹെൽത്ത് കമ്പനിയിലെ കൂട്ട പിരിച്ചുവിടലുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു. കാക്കനാട് കളക്ടറേറ്റിൽ നടക്കുന്ന യോഗത്തിൽ അമേരിക്കയിലുള്ള കമ്പനി അധികൃതർ വീഡിയോ കോൺഫറൻസ് വഴിയാണ് പങ്കെടുക്കുന്നത്. കോറോ ഹെൽത്ത് അധികൃതരുമായി സംസാരിച്ച് സ്ഥാപനങ്ങൾ കേരളത്തിൽ നിലനിർത്താനുള്ള സാധ്യതകളാണ് സർക്കാർ ആരായുന്നതെന്ന് യോഗത്തിന് മുന്നോടിയായി മന്ത്രി ബിന്ദു കൃഷ്ണ മാധ്യമങ്ങളോട് പറഞ്ഞു. ജൂലൈ മൂന്നിനാണ് കോറോ ഹെൽത്തിന്റെ കൊച്ചി, കോഴിക്കോട് ഓഫിസുകളിൽ നിന്നുള്ള 800 ഓളം പേരെ പിരിച്ചു വിട്ട് ഉത്തരവിറക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## മഴ

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. പലയിടത്തും വ്യാപക നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## കണ്ണൂർ – മഴ

കണ്ണൂരിൽ തുടർച്ചയായി പെയ്യുന്ന മഴ സാധാരണ ജനജീവിതത്തെ ബാധിച്ചു. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്

❁❁❁❁❁❁❁❁❁❁❁❁❁

PNU TVPM

## ഇടുക്കി (ഇൻട്രോ)

മലയിടിച്ചിൽ ഭീഷണിയെത്തുടർന്ന് ഗതാഗതം നിരോധിച്ചിരുന്ന കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലെ പഴയ മൂന്നാറിൽ നിബന്ധനകളോടെ ഒറ്റവരിയായി ഗതാഗതം പുനരാരംഭിച്ചു. മൂന്നാറിൽ ചേർന്ന ഉന്നതാധികാര ടെക്നിക്കൽ കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരമാണ് കലക്ടർ അനുമതി നൽകിയത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..........**

**(വോയ്സ്)**

☸☸☸☸☸☸☸☸☸☸☸☸☸

## തിരൂർ റെയിൽവേ സ്റ്റേഷൻ

നവീകരിച്ച തിരൂർ റെയിൽവേ സ്റ്റേഷൻ ഈ മാസം അവസാനത്തോടെ നാടിന് സമർപ്പിക്കുമെന്ന് പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ മധുക്കർ റോട്ട് . തിരൂർ റെയിൽവേസ്റ്റേഷനിൽ പൂർണസജ്ജമായ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് സംവിധാനം ഉടൻ ഉണ്ടാകുമെന്നും ഒന്നാം പ്ലാറ്റ്ഫോമിൽ മേൽക്കൂരയില്ലാത്തതിനാൽ കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന ജനറൽ കോച്ചിലെ യാത്രക്കാരും പ്ലാറ്റ് ഫോമിലെ കച്ചവടക്കാരും അനുഭവിക്കുന്ന പ്രയാസത്തിന് പരിഹാരം കാണുമെന്നും അദ്ദേഹം പറഞ്ഞു. സ്റ്റേഷൻ സന്ദർശിച്ച ശ്രീ മധുക്കർ നിർമാണ പ്രവർത്തനങ്ങളും വിലയിരുത്തി .

☸☸☸☸☸☸☸☸☸☸☸☸☸

## ഫിഫ ലോകകപ്പ് ( ഇൻട്രോ )

ഫിഫ ലോകകപ്പ് സെമി ഫൈനലിൽ പ്രവേശിച്ച് ഫ്രാൻസ്. യു.എസ്.എയിലെ ബോസ്റ്റണിൽ നടന്ന ആദ്യ ക്വാർട്ടറിൽ മൊറോക്കോയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തകർത്താണ് ഫ്രാൻസിന്റെ വിജയം . ഇന്ന് രാത്രി 12.30 ന് നടക്കുന്ന രണ്ടാം ക്വാർട്ടറിൽ സ്പെയിൻ ബെൽജിയത്തെ നേരിടും.

RNU TVPM

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് ....**
**(വോയിസ് )**

അടുത്ത രണ്ട് ക്വാർട്ടർ മത്സരങ്ങളിൽ ഞായറാഴ്ച പുലർച്ചെ 2.30 ന് നോർവേ-ഇംഗ്ലണ്ടിനെയും, 6.30 ന് അർജന്റീന-സ്വിറ്റ്സർലന്റിനെയും നേരിടും. ഈ മാസം 15 നും, 16 നുമാണ് സെമി ഫൈനൽ മത്സരങ്ങൾ.

## ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് തുടക്കം. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:30-നാണ് മത്സരം ആരംഭിക്കുക. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

RNUTVPM

## ഓഹരി / സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . സെൻസെക്സ് 643 പോയിന്റ് ഉയർന്ന് 77,386 ലും നിഫ്റ്റി 196 പോയിന്റ് നേട്ടത്തിൽ 24,157 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണ വില ഉയർന്നു . പവന് 280 രൂപ വർധിച്ച് ഒരു ലക്ഷത്തി 6,200 രൂപയും ഗ്രാമിന് 13,275 രൂപയുമാണ് ഇന്നത്തെ വില.

## സെൻസസ്

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

## വി. എം. സുധീരൻ - വ്യാജ പോസ്റ്റർ

കോൺഗ്രസ് നേതാവ് വി. എം. സുധീരനെതിരെ വ്യാജ പോസ്റ്റർ നിർമ്മിക്കുകയും ഫേസ്ബുക്കിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തിക്കെതിരെ തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് കേസെടുത്തു. മുഹമ്മദ് ഖലീൽ എന്ന ഫേസ്ബുക്ക് ഐഡി ഉപയോഗിക്കുന്ന ആൾക്കെതിരെയാണ് കേസെടുത്തത് . വിഷയത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

## തിരുവല്ലം - അപകടം

തിരുവനന്തപുരം തിരുവല്ലത്ത് 2 പേരുടെ മരണത്തിനിടയാക്കിയ അപകടത്തിന് കാരണം ബൈക്കിന് പിന്നിൽ കാറിടിച്ചതാണെന്ന് പൊലീസ്. കാർ ഡ്രൈവർ വിഷ്ണുവിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇന്നലെ തിരുവല്ലം ടോൾ പ്ലാസയ്ക്ക് സമീപമാണ് അപകടമുണ്ടായത്. ബൈക്ക് നിയന്ത്രണം വിട്ടുണ്ടായ അപകടമെന്നായിരുന്നു ആദ്യ നിഗമനം. എറണാകുളം സ്വദേശി നവീൻ സിബി ഇടുക്കി സ്വദേശി മൃദുല അന്ന ഉമ്മൻ എന്നിവരാണ് മരിച്ചത്.

RNU TVPM